(ജി) വിഷയം സർക്കാർ പരിശോധിച്ച് തീരുമാനം അറിയിക്കുന്നതുവരെ 4-1-2010-ലെ സി.3/10684/2009/കെ.ഡിസ്. നമ്പരിലുള്ള ചീഫ് ടൗൺ പ്ലാനറുടെ കത്തിൽ അനുമതി നൽകിയതിനപ്പുറം യാതൊരു പ്രവർത്തനങ്ങളും അനുവദിക്കുവാൻ പാടില്ലായെന്നാണ് 6-1-2011-ലെ 2135/ആർ.എ.3/2010/തസ്വഭവ നമ്പർ സർക്കാർ കത്തിൽ നിർദ്ദേശം നൽകിയിരിക്കുന്നുത്.

(എച്ച്) അതെ. 14-1-2011-ലാണ് 931/ഡി.3/11/നിയമം പ്രകാരം നിയമ വകുപ്പ് ഉപദേശം നൽകിയിരിക്കുന്നത്. പകർപ്പ് അനുബന്ധം V ആയി ഉള്ളടക്കം ചെയ്യുന്നു.*

(ഐ) പാലാ റവന്യൂ ഡിവിഷണൽ ഓഫീസറുടെ 19-3-2010-ലെയും 2-9-2010-ലെയും റിപ്പോർട്ടുകളുടെ പകർപ്പുകൾ യഥാക്രമം, അനുബന്ധം VI, VII ആയി ഉള്ളടക്കം ചെയ്യുന്നു.*

(ജെ) റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം VIII ആയി ഉള്ളടക്കം ചെയ്യുന്നു.*

(കെ) പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് യഥാക്രമം അനുബന്ധങ്ങൾ IX, X ആയി ഉള്ളടക്കം ചെയ്യുന്നു.*

(എൽ) ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സിൽ തീരുമാന മാകുന്ന മുറയ്ക്ക് അനന്തരനടപടി സ്വീകരിക്കാവുന്നതാണ്.

നഗരസഭാ ലൈബ്രറികളുടെ പ്രവർത്തനസമയം

149 (1619) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭാ ലൈബ്രറികളുടെ പ്രവർത്തനസമയം എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) നഗരസഭാ ലൈബ്രറികൾ രാവിലെ 8.30 മുതൽ വൈകുന്നേരം 7.30 വരെ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ദീർഘസമയം സേവനമനുഷ്ഠിക്കുന്ന നഗരസഭാ ലൈബ്രേറി യന്മാർക്ക് പ്രത്യേകം ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടു ത്തുമോ ;

(ഡി) എട്ടാം ശമ്പളക്കമ്മീഷനിൽ 10 മണി മുതൽ 5 മണി വരെ സേവനമനുഷ്ഠിക്കുന്ന യു.ഡി. ക്ലാർക്കിനും രാവിലെ 8.30 മുതൽ വൈകുന്നേരം 7.30 വരെ സേവനമനുഷ്ഠിക്കുന്ന ലൈബ്രേറിയൻ ഗ്രേഡ്-IV-നും ഒരേ ശമ്പളസ്കെയിൽ അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഒമ്പതാം ശമ്പളക്കമ്മീഷൻ ശിപാർശയിൽ യു.ഡി. ക്ലാർക്കിന് സമാനമായ ശമ്പളസ്കെയിൽ ലൈബ്രേറിയൻ-IV-ന് നൽകാത്തത് ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുപരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അതതു നഗരസഭാ കൗൺസിലുകളുടെ തീരുമാനം അനുസരിച്ചുള്ള സമയക്രമത്തിലാണ് സംസ്ഥാനത്തെ നഗരസഭാ ലൈബ്രറികൾ പ്രവർത്തിച്ചുവരുന്നത്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. ലൈബ്രേറിയൻ ഗ്രേഡ്-IV-നും യു.ഡി. ക്ലാർക്കിനും എട്ടാം ശമ്പള പരിഷ്കരണം അനുസരിച്ച് 6680-10790 രൂപ ശമ്പള സ്കെയിലാണ് അനുവദിച്ചിട്ടുള്ളത്.

(ഇ) ഒമ്പതാം ശമ്പളപരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതിയും ധനകാര്യവകുപ്പും പരിശോധിച്ചുവരുന്നതിനാൽ ചോദ്യം ഉദിക്കുന്നില്ല.

തൊഴിലുറപ്പ് പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ വിനിയോഗിച്ചതുക

150 (1620) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ 2010-11 വർഷം എത്ര രൂപ വിനിയോഗിച്ചെന്ന് ബ്ലോക്ക് തിരിച്ച് കണക്ക് വെളിപ്പെടുത്തുമോ ;

(ബി) തൊഴിലുറപ്പ് പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ പാട്യം, മൊകേരി, പന്ന്യന്നൂർ, ചൊക്ലി, ന്യൂമാഹി, കരിയാട്, പെരിങ്ങളം, പാനൂർ, കുന്നോത്ത്പറമ്പ്, തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തുകളിൽ 2009-10, 2010-11 വർഷങ്ങളിൽ എത്ര തുക വിനിയോഗിച്ചെന്ന് വേർതിരിച്ച് പേരുസഹിതം വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത പഞ്ചായത്തുകളിൽ എത്ര തുക ലേബർ ചാർജ്ജായും എത്ര രൂപ പണിയായുധങ്ങൾ വാങ്ങിക്കാനും ഉപയോഗിച്ചെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ;

(ഡി) തൊഴിലുറപ്പ് പദ്ധതി പരിശോധിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഉള്ളതെന്ന് വെളിപ്പെടുത്താമോ ;

(ഇ) തൊഴിലുറപ്പ് പദ്ധതിയിലൂടെയുള്ള ദുർവിനിയോഗം തടയാനും, പ്രത്യുത്പാദന മേഖലയിൽ കൂടുതൽ പ്രയോജനപ്പെടുത്താനുംവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വെളിപ്പെടുത്താമോ ;

(എഫ്) തൊഴിലുറപ്പ് പദ്ധതി പ്രകാരം ഉള്ള പ്രവൃത്തികൾ പരിശോധിക്കാനും കാര്യക്ഷമമായി നടപ്പിലാക്കാനും പ്രത്യേകം ഉദ്യോഗസ്ഥന്മാർ മേൽനോട്ടം വഹിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly